(6) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വൈദ്യുതീക്ഷാമം

ശ്രീ. വി. സി. കബീർ: സർ, ഒറ്റപ്പാലം നിയോജകമണ്ഡലം ഇന്ന് ഒരു യുദ്ധകാലരാത്രിയെ അനുസ്മരിപ്പിക്കുന്ന വിധത്തിലായിട്ടുണ്ട്. അവിടെ എട്ടു പഞ്ചായത്തുകളിലും വൈദ്യുതി ഉണ്ട്. പക്ഷേ ചിമ്മിനിവിളക്കുണ്ടെങ്കിൽ മാത്രമേ വായിക്കുവാനും അടുക്കളയിൽ ആഹാരം പാകം ചെയ്യുവാനും ആഹാരം കഴിക്കുവാനും കഴിയുകയുള്ളു. ആ ഒരു സാഹചര്യത്തിൽ അവിടെ ഒരു 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണം. ഒരു 66 കെ.വി. സബ്സ്റ്റേഷനു സ്ഥലമെടുത്തിട്ട് 6 കൊല്ലമായി. ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി മനസ്സുവച്ചാൽ അവിടെ സബ്സ്റ്റേഷൻ സ്ഥാപിക്കാൻകഴിയുമെന്നുള്ളതിൽ എനിക്കുറപ്പുണ്ട്. അതുകൊണ്ട് അടിയന്തിരമായും അവിടെ 66 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു:

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഈ പറഞ്ഞ സ്ഥലത്ത് മൂന്നേക്കർ അറുപതു സെന്റ് സ്ഥലം 1982-ൽ ഇലക്ട്രിസിറ്റി ബോർഡ് അക്വയർ ചെയ്തതാണ്. സാങ്കേതിക പരാധീനതമൂലം എല്ലാ സബ്സ്റ്റേഷനും ഒരുമിച്ചു തീർക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഈ 66 കെ.വി. സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്ത് 110 കെ.വി. സബ്സ്റ്റേഷനായിട്ട് മാറിയിട്ടുണ്ട്. ഷൊർണ്ണൂർ—പാലക്കാട് ലൈനിൽനിന്ന് 110 കെ.വി. ലൈൻ ഒറ്റപ്പാലത്തേയ്ക്ക് വലിച്ച് ഇക്കൊല്ലം തന്നെ ഈ സബ്സ്റ്റേഷന്റെ നടപടി തുടങ്ങുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു വേണ്ടി 86 ലക്ഷം രൂപ ചെലവാക്കാൻ അനുവദിച്ചിട്ടുണ്ട്. ചിമ്മിനി വിളക്ക് കൂടാതെ നമുക്ക് വളരെ താമസിയാതെ കാര്യങ്ങൾ നടത്താം.

(7) എറണാകുളം ജില്ലയിലെ ബിനാനിപുരം പാലം

ശ്രീ. കെ. മുഹമ്മദാലി: സർ, എറണാകുളം ജില്ലയിലെ വളരെ പ്രധാനപ്പെട്ട ഒരു പാലമാണ് പാതാളക്കടവിൽ പണിതുകൊണ്ടിരിക്കുന്ന ബിനാനിപുരം പാലം. ഈ പാലത്തിന്റെ പണിയാരംഭിച്ചിട്ട് വർഷങ്ങളേറെയായി. ഇന്നും അതിന്റെ പണി പൂർത്തിയായിട്ടില്ല. ഇടയ്ക്കുവച്ച് കരാറുകാരൻ പാലത്തിന്റെ പണിയിട്ടുപോയി. വളരെ ശ്രമഫലമായി അവസാനം ഗവൺമെന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. ഇപ്പോഴും അതിന്റെ പണി മന്ദഗതിയിലാണ്. ആലുവാ വ്യവസായമേഖലയും ഇടയാർ വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തുന്ന കോട്ടപ്പുറം പാലം തുറന്നതോടുകൂടി എറണാകുളത്തേയ്ക്ക് എത്തുവാൻ ഏറ്റവും എളുപ്പ മാർഗ്ഗമായ ഈ പാലത്തിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കുവാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ:) സർ, ഏലൂർ—ഇടയാർ റോഡിലുള്ള ബിനാനിപുരം പാലം 1975-ലാണ് 37 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുണ്ടാക്കി ഒരു കരാറുകാരനെ ഏൽപ്പിച്ചത്. കുറേ വർക്ക് ചെയ്തതിനുശേഷം കരാറുകാരൻ വർക്ക് ഇട്ടിട്ടുപോയി. ശേഷിച്ച വർക്കിന് 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 1983-ൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എഗ്രിമെന്റുവച്ചു. പാലത്തിന്റെ രണ്ടു സ്പാൻ ഒഴിച്ചുള്ള മിക്കവാറും പണികൾ പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭാഗത്തുള്ള അപ്രോച്ച് റോഡ് പൂർത്തിയായി. ഏലൂർ ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡിൽ ഒരു 110 കെ. വി. ഇലക്ട്രിക്ക് ലൈൻ മാറേണ്ടതുണ്ട്. അത് മാറാൻ പല പ്രാവശ്യം ഡിപ്പാർട്ടുമെൻറിനോടാവശ്യപ്പെട്ടിട്ടും മാറിയിട്ടില്ല. അത് മാറിക്കഴിഞ്ഞാൽ അപ്രോച്ച് റോഡിൻറെ പണിയും പൂർത്തിയാക്കുവാൻ കഴിയും. 1987 ഏപ്രിൽ മാസത്തിലാണ് പണി തീരേണ്ടത്. അതിന് ജൂൺ മാസം വരെ സമയം വാങ്ങിയിട്ടുണ്ട്. അതിനുമുമ്പായി പാലത്തിൻറെയും അപ്രോച്ച് റോഡിൻറെയും പണി പൂർത്തിയാകും.

(8) മണ്ണാർക്കാട് ശുദ്ധജല വിതരണ പദ്ധതി

ശ്രീ. പി. കുമാരൻ: സർ, എൻറെ മണ്ഡലത്തിലെ മണ്ണാർക്കാട് ശുദ്ധജല വിതരണ പദ്ധതി 40 ലക്ഷം രൂപയുടെ അനുമതിക്കായി അയച്ചിട്ടുണ്ടെന്ന് 1982-ൽ എൻറെ ഒരു ചോദ്യത്തിനുത്തരമായി ഇവിടെ പറഞ്ഞു. എന്നാൽ 10-ാം തീയതി വീണ്ടും എൻറെ ഒരു ചോദ്യത്തിനുത്തരമായി 70 ലക്ഷം രൂപയുടെ അനുമതിക്കായി കേന്ദ്ര ഗവൺമെൻറിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് പറഞ്ഞു. അനുമതി കിട്ടിയ ഉടനെതന്നെ അത് നടപ്പിലാക്കുമെന്നും പറഞ്ഞു. അരലക്ഷത്തിലേറെ ജനങ്ങൾ പാർക്കുന്ന ആ പ്രദേശത്ത് ഗവൺമെൻറ് ആശുപത്രിയിൽ ശുദ്ധജല മെത്തിക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ പദ്ധതിമാത്രമാണുള്ളത്. അതുകൊണ്ട് ഗവൺമെൻറ് ഇക്കാര്യം അടിയന്തിരമായി ശ്രദ്ധിച്ച് നടപ്പിലാക്കണമെന്നഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇപ്പോഴുള്ള പദ്ധതി വിപുലീകരിച്ച്, അതായത് കുന്തിപ്പുഴയിൽ നിന്ന് വെള്ളം എടുക്കത്തക്കവണ്ണമുള്ള ഒരു പദ്ധതി ആക്സിലറേറഡ് സ്കീമിൽ 70 ലക്ഷം രൂപ മുടക്കി 46,520 ജനങ്ങൾക്ക് പ്രയോജനം കിട്ടത്തക്കവണ്ണമുള്ള ഒരു മേജർ ശുദ്ധജല വിതരണ പദ്ധതിയാണ്. അത് കേന്ദ്ര ഗവൺമെൻറിൻറെ അനുമതിക്കായി അയച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെൻറിൻറെ അനുമതി കിട്ടിയാൽ ഉടനെതന്നെ നടപ്പിലാക്കുവാൻ കഴിയും.

(9) മഹിളാപ്രധാൻ ഏജൻറുമാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ

ശ്രീ. വി. ദിനകരൻ: സർ, ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്ക് പണം സമാഹരിക്കുന്ന നാലായിരത്തോളം മഹിളാപ്രധാൻ ഏജൻറുമാർ കേരളത്തിലുണ്ട്. 1985-86-ൽ 15 കോടിരൂപ അവർ സമാഹരിക്കുകയുണ്ടായി. അയ്യായിരം രൂപ വരെ രണ്ടരശതമാനവും പതിനായിരം രൂപ വരെ മൂന്നു ശതമാനവും പതിനായിരം രൂപയ്ക്കു മുകളിൽ നാലുശതമാനവും കമ്മീഷൻ മാത്രമാണവർക്ക് കിട്ടുന്നത്. അതും തക്ക സമയത്ത് കിട്ടുന്നില്ല. തക്കസമയത്ത് അത് കൊടുക്കണം. അവരുടെ അലവൻസ് 20 ശതമാനം കൂടി വർദ്ധിപ്പിക്കണം. ഗ്രാമവികസന വകുപ്പിലെ നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെൻറിലുള്ള നിയമനങ്ങളിൽ അവർക്ക് സംവരണം കൊടുക്കണം. അതുപോലെതന്നെ 100 കോടി രൂപ സമാഹരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഇവിടെ പറഞ്ഞു. അത് സമാഹരിക്കുന്ന സാഹചര്യത്തിൽ ഇവരെകൂടി പങ്കെടുപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം. ദേശീയ

LIBRARY ARCHIVES Kerala Legislative Assembly